# വിജ്ഞാപനം

പോൾ ആലപ്പാട്ട്

No. 149/2023 / 25-07-2023 - C7

## രൂപതാ അസംബ്ലി - ശുപാർശകളും തീരുമാനങ്ങളും

ഈശോമിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, കുട്ടികളെ.

### ഭാഗം - I

ത്രിത്വൈക ദൈവത്തിന് സ്തുതി!

വലിയ ഒരുക്കത്തിനുശേഷം നാം രൂപതയുടെ പ്രഥമയോഗം 2023 ജൂൺ 9,10,11 തീയതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ കൂടിയ കാര്യം നിങ്ങൾ ഇതിനകം അറിഞ്ഞുകാണുമല്ലോ. രൂപത മുഴുവനിലും ദീർഘമായ പഠനത്തിനും പ്രാർത്ഥനാപൂർവ്വമായ ചർച്ചകൾക്കും ശേഷം ലഭിച്ച നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് അസംബ്ലി പ്രതിനിധികൾക്കുള്ള "വിഷയവതരണ രേഖ" രൂപപ്പെടുത്തി. ഈ രേഖയിൽ അടിയുറച്ചുനിന്ന് പ്രതിനിധികൾ വളരെ സജീവമായി ചർച്ചകളിൽ പങ്കെടുത്തു. എല്ലാവരേയും ഞാൻ ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

അസംബ്ലി സുസംഘടിതവും മനോഹരവുമാക്കാൻ മാസങ്ങളായി അദ്ധ്വാനിച്ച കോർകമ്മിറ്റി, സബ്കമ്മിറ്റിയംഗങ്ങൾക്ക് ഒരിക്കൽകൂടി നന്ദി. പ്രസ്തുത അസംബ്ലി (രൂപതായോഗം)യുടെ സമാപനത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ പലവേദികളിൽ (അസംബ്ലിയുടെ സമാപനത്തിൽ ക്രോഡീകരിച്ച് അവതരിപ്പിച്ചതു കൂടാതെ, പിന്നീടുകൂടിയ കോർകമ്മിറ്റി, സബ്കമ്മിറ്റി സംയുക്തമീറ്റിങ്ങിൽ, രൂപതാ+കുടുംബക്കൂട്ടായ്മാ ഏകോപനസമിതി മീറ്റിങ്ങിൽ, സാമൂഹ്യ - സുവിശേഷവത്ക്കരണ ഏകോപനസമിതി മീറ്റിങ്ങിൽ, വിശ്വാസപരിശീലന- കുട്ടികളുടെ ശുശ്രൂഷാ ഏകോപനസമിതി മീറ്റിങ്ങിൽ, രൂപതയിലെ സമർപ്പിതരുടെ മീറ്റിങ്ങൽ, രൂപതാ മാധ്യമ കമ്മീഷന്റെ മീറ്റിങ്ങിൽ) നാം ചർച്ച ചെയ്തു. പ്രസ്തുത പഠനത്തിന്റെയും ചർച്ചകളുടെയും വെളിച്ചത്തിൽ

താഴെപറയുന്ന നിരീക്ഷണങ്ങളും തീരുമാനങ്ങളും ഞാൻ നിങ്ങളെ അറിയിക്കുന്നു. 2035 ലെ രൂപതാ സിൽവർ ജൂബിലിയിലേക്കുള്ള അകന്ന ഒരുക്കമായി ഈ തീരുമാനങ്ങൾ രൂപതാസമൂഹം ഒറ്റക്കെട്ടായി നടപ്പിലാക്കാൻ ഏവരുടെയും സഹായവും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. രൂപതയിലെ വൈദികരും, സമർപ്പിതരും അസംബ്ലി യിൽ പങ്കെടുത്ത അല്മായ പ്രതിനിധികളും ഒറ്റക്കെട്ടായി ഇതിന് നേതൃത്വം വഹിക്കണം.

A. അതിനുവേണ്ടി, 2024 മുതൽ 2034 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും ഒരു പ്രത്യേക അജപാലന മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനപദ്ധതിക്ക് (11 വർഷാ അജപാലന പദ്ധതി) രൂപം കൊടുക്കണം.

B. **അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ**

a. വി. കുർബാനയുടെയും മറ്റു കൂദാശാ പരികർമ്മങ്ങളുടെയും ഭാഷ.

ഇന്ത്യയിൽ മൂന്ന് കത്തോലിക്കാ വിഭാഗങ്ങളുണ്ട്. സീറോമല ബാർ, സീറോ മലങ്കര, ലത്തീൻ. അതനുസരിച്ച് പള്ളികളും. ആ അർത്ഥത്തിൽ തമിഴ്നാട്ടിലെ കത്തോലിക്കാ സഭയെ നാം കാണേണ്ടത് തമിഴ് പള്ളികൾ, മലയാളി പള്ളികൾ എന്ന രീതിയി ലല്ല- മറിച്ച് സീറോമലബാർ, സീറോമലങ്കര, ലത്തീൻ പള്ളികൾ എന്നരീതിയിലാണ്.

b. സഭയുടെ ആരാധനക്രമത്തിന് പ്രത്യേക ഭാഷയില്ല. സഭാവിശ്വാ സികൾക്ക് ഏറ്റവും നന്നായി മനസ്സിലാക്കി ആരാധിക്കാൻ പറ്റുന്ന ഭാഷയുണ്ടാകണം. നമ്മുടെ സഭയിൽ/രൂപതയിൽ മലയാളം മാത്രം അറിയുന്നവരുണ്ടാകാം. മലയാളം അറിയുന്നവർ തന്നെ മലയാളം ശരിക്ക് മനസ്സിലാകാത്തവരുമുണ്ടാകാം. ഇംഗ്ലീഷ് മാത്രം അറിയുന്ന യുവജനങ്ങളും കുട്ടികളുമുണ്ടാകാം. മലയാ ളവും ഇംഗ്ലീഷും അറിയാതെ തമിഴ് മാത്രം അറിയുന്നവരും സംസാരിക്കുന്നവരുമുണ്ടാകാം. അതുകൊണ്ട് ഇന്നത്തെ തലമുറ യേയും ഭാവിതലമുറയേയും കണ്ടുകൊണ്ടുള്ള ആരാധനാക്രമ ഭാഷ നാം ഇപ്പോൾ തന്നെ രൂപപ്പെടുത്തി തുടങ്ങണം.

c. ഈ പശ്ചാത്തലത്തിൽ, വി. കുർബാനയ്ക്കും കൂദാശാ പരികർമ്മ

ങ്ങൾക്കും മലയാളഭാഷ മാത്രമേ പാടുള്ളു എന്ന അപക്വമായ നിലപാട് തമിഴ്നാട്ടിലെ സീറോമലബാർ സഭയുടെ/രാമനാഥ പുരം രൂപതയുടെ നിലനില്പ്പിനെത്തന്നെ ബാധിക്കും.

d. അതുകൊണ്ട് മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിലേക്ക് നമ്മുടെ ആരാധനക്രമം ക്രമീകരിക്കപ്പെടണം. ഓരോ ഇടവകയുടെയും മിഷൻ സെന്ററിന്റെയും സാഹചര്യവും ആവശ്യവുമനുസരിച്ച് മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലും വി. ബലിയർപ്പണങ്ങളും മറ്റു കൂദാശാപരികർമ്മങ്ങളുമുണ്ടാകണം. അതിനുവേണ്ട ഒരുക്കങ്ങളും ക്രമീകരണങ്ങളും വൈദികരുടെയും സമർപ്പിതരുടെയും അല്മായ സഹോദരരുടെയും ഭാഗത്തുനിന്ന് നടത്തണം. അതിന് തുടക്കം കുറിയ്ക്കുന്നതിന്റെ ഭാഗമായി ആഴ്ചയിലൊരിക്കലോ, രണ്ടാഴ്ചകളിലൊരിക്കലോ എങ്കിലും (മുൻഗണന ഞായറാഴ്ചകൾക്ക്) സീറോമലബാർ റീത്തിൽ തമിഴ്ഭാഷയിൽ നമ്മുടെ പള്ളികളിൽ വി. കുർബാനയർപ്പിക്കണം. ഏതെങ്കിലും വൈദികർക്ക് ആരംഭത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിന് പറ്റിയ വൈദികരുടെ സഹായം തേടാവുന്നതാണ്. കോയമ്പത്തൂർ ജില്ലയിലെ പള്ളികളിൽ സെപ്തംബർ 1 മുതൽ ഇപ്രകാരം ചെയ്ത് തുടങ്ങട്ടെ. മറ്റുപള്ളികളിലും ചെയ്യണം. മലയാളത്തിലുള്ള കുർബാന നിലനിർത്തിക്കൊണ്ടുവേണം ഇപ്രകാരം ചെയ്യാൻ.

- അതുപോലെ, കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷിൽ ഒരു കുർബാനയെങ്കിലും (ഞായറാഴ്ചകളിൽ) വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ടുവേണം.
- ഇപ്രകാരം ചെയ്യുമ്പോൾ, ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി, ഏതെല്ലാം സമയത്ത് ഏതെല്ലാം ഭാഷകളിലാണ് വി. കുർബാനയെന്ന് മുൻകൂട്ടി പറഞ്ഞിരിക്കണം.
- ഏത് ഭാഷയിലായാലും അനാവശ്യമായി നീണ്ടുപോകാതെ, വളരെ ഭക്തിസാന്ദ്രമായി, ദൈവാനുഭവവും അഭിഷേകവുമുള്ള ബലിയർപ്പണങ്ങൾ ഉണ്ടാകണം.
- രൂപതാതിർത്തിയിലുള്ള സീറോമലബാർ കത്തോലിക്കാ കത്തോലിക്കാ മാനേജ്മെന്റുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതര സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കും രോഗികൾക്കും ഇതര അന്തേവാസികൾക്കുമായി സീറോമലബാർ റീത്തിൽ ബലിയർപ്പിക്കേണ്ടത് ഏത് ഭാഷയിലായാലും,

കുർബാന തക്സായിലെ പ്ര ാർത്ഥനകളും പാട്ടുകൾ മാത്രം പ്രയോജനപ്പെടുത്തി അപ്രകാരം ചെയ്യണം.

- സമൂഹത്തിന്റെ ആവശ്യവും സാഹചര്യവും പരിഗണിച്ച് ഉടൻ തന്നെ വിവിധഭാഷകളിൽ തിരിച്ചുതിരിച്ച് വി. കുർബാനയർപ്പി ക്കാൻ ഏതെങ്കിലും പള്ളിയിലൊ സ്ഥാപനത്തിലൊ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ, അങ്ങനെയുള്ള പള്ളികളിലും സ്ഥാപനങ്ങളിലും ഇപ്പോൾ ചെയ്യുന്നതുപോലെ, ഞായറാഴ്ചകളിലും മറ്റു ആഘോ ഷവസരങ്ങളിലുമെങ്കിലും വായനകളും കാറോസൂസാ പ്രാർത്ഥ നകളും ഗീതങ്ങളും ജനങ്ങളുടെ സജീവപങ്കാളിത്തത്തിനു വേണ്ടി വിവിധഭാഷകളിൽ ക്രമീകരിക്കണം. അതേസമയം ഒരേ ബലിയർപ്പത്തിലും കൂദാശാപരികർമ്മങ്ങളിലും വിവിധ രീതിക ളിൽ ഗീതങ്ങൾ ആലപിക്കാതിരിക്കുന്നത് നല്ലതാണ്.
- വി. കുർബാനയർപ്പത്തിനും മറ്റു കൂദാശാ പരികർമ്മങ്ങൾക്കും സീറോമലബാർ സഭയും രാമനാഥപുരം രൂപതയും അംഗീകരിച്ച് തന്നിട്ടുള്ള ഗീതങ്ങൾ മാത്രമേ ആലപിക്കാവൂവെന്ന് ഒരി ക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

C. **ഇതരസഭകളുമായുള്ള ബന്ധം**

a. ഇന്ത്യയിലെ കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിസഭകളായ സീറോമലബാർ, ലത്തീൻ+സീറോമലങ്കര സഭകളുമായി നല്ലബ ന്ധമുണ്ടാകാണം. സീറോമലബാർ സഭയുടെ കത്തോലിക്കാ കൂട്ടായ്മയിലുള്ള തനിമയും വ്യതിരിക്തതയും (identity+diversity) നിലനിർത്തിക്കൊണ്ട് തന്നെ പള്ളികളിലെ, സ്ഥാപനങ്ങളിലെ തിരുനാളുകളിലും മറ്റു വിശേഷാവസര ത്തിലും ഇതര കത്തോലിക്കാ വ്യക്തി സഭകളിലെ മേലദ്ധ്യക്ഷ ന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായരു ടെയും സാന്നിദ്ധ്യവും പങ്കുചേരലും സാദ്ധ്യമായരീതിയിൽ ഉറ പ്പാക്കണം.

b. അകത്തോലിക്കാ സഭകളും ഇതര ക്രൈസ്തവ സഭാവിഭാഗ ങ്ങളും അക്രൈസ്തവ വിഭാഗങ്ങളും തമ്മിലുള്ള ബന്ധം - കത്തോലിക്കാ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും വിരുദ്ധമാ കാത്തരീതിയിൽ എക്യുമെനിക്കൽ, മതാന്തര സംവാദങ്ങളിലൂ ടെ, പരിപാടികളിലൂടെ, ഒന്നിക്കാവുന്ന, ഒരുമിച്ച് പ്രവർത്തിക്കാ

വുന്ന പൊതുവേദി (Common platform) സാധ്യമായ രീതിയിൽ രൂപപ്പെടുത്താൻ ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ നേതൃത്വമുള്ള വൈദികരും സമർപ്പിതരും അല്മായരും ഒറ്റക്കെട്ടായി പരിശ്രമിക്കണം.

D. **കുടുംബപ്രേഷിതത്വവും കുടുംബക്കൂട്ടായ്മകളും**

a. **കുടുംബപ്രേഷിതത്വം**

1. കുടുംബങ്ങളെ സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും പ്രസാദ കരമായ വാക്കുകളുടെയും പരസ്പരം പങ്കുവച്ച് പരിചരിക്കുന്ന തിന്റെയും ഇടങ്ങളാക്കണം.
2. അനുദിനമുള്ള കുടുംബപ്രാർത്ഥനകൾ നയിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, പ്രാപ്തരാക്കുക. കുടുംബാംഗങ്ങൾ ഒന്നി ക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ഗൂഗിൾ മീറ്റിലൂടെ ഒന്നിച്ച് പ്രാർത്ഥിക്കുന്ന ശീലം വളർത്തുക.
3. മക്കളുടെ കുടുംബജീവിതത്തിൽ മാതാപിതാക്കൾ അനാവശ്യ മായി ഇടപെടരുതെന്ന ബോദ്ധ്യം മാതാപിതാക്കൾക്ക് നല്കുക.
4. കുടുംബപ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം കണ്ടെത്താൻ കഴിവും സ്വീകാര്യതയുമുള്ള ദമ്പതികളേയും, വ്യക്തികളേയും, ഇടവക-ഫൊറോനാതലങ്ങളിൽ കണ്ടുപിടിച്ച് പരിശീലനം നല്കി, അവരുടെ സേവനം ദൈവജനത്തിന് ലഭ്യമാക്കണം.
5. ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ സഹകരണത്തോടെ നന്നായി പ്രവർത്തിക്കുന്ന ഒരു ഫാമിലി കൗൺസിലിങ്ങ് സെന്റർ രൂപതാതലത്തിലുണ്ടാകണം.
6. കുട്ടികൾ ജനിച്ച് അവരെ ആദ്യമായി സ്വീകരിക്കുന്ന അവസര ത്തിൽ, അവരെ ദൈവനാമത്തിൽ സ്വീകരിക്കാനും അവരുടെ ചെവിയിൽ ഈശോയുടെ നാമം ഉരുവിടാനും നമ്മുടെ ദമ്പതിമാ രേയും മാതാപിതാക്കളേയും പഠിപ്പിക്കണം.
7. കുഞ്ഞുങ്ങൾക്ക് ക്രിസ്തീയനാമം നല്കണം. കഴിയുന്നിടത്തോ ളം, കുഞ്ഞുങ്ങൾ ജനിക്കുന്ന ദിവസങ്ങളിലെ വിശുദ്ധന്റെയോ വിശുദ്ധയുടെയോ നാമം മാമ്മോദീസാ പേരായി നല്കുകയും ആ പേരിൽത്തന്നെ അവർ അറിയപ്പെടാൻ ഇടയാക്കുകയും ചെയ്യണം.
8. ഭവനങ്ങളിൽനിന്ന് ജോലിയ്ക്കോ പഠനത്തിനോ ചികിത്സയ്ക്കോ

പോകുന്നതിനുമുമ്പ് കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥനാ മുറിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചയയ്ക്കുന്ന ശീലം വളർത്തണം.

9. രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഹോളി ഫാമിലി സന്യാസസമൂഹത്തിന്റെയും ഇതര സന്യാസ സമൂഹാംഗങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന സ്ഥിരമായ ഒരു ഹോം മിഷൻ ടീം ഉണ്ടാകണം.

10. രൂപതയുടെ വിസ്തൃതമായ അതിർത്തി പരിഗണിച്ച് വിവാഹജൂബിലി സംഗമങ്ങൾ (വി. കുർബാന, ക്ലാസ്സ്, പങ്കുവയ്ക്കൽ, അനുമോദനയോഗം, എന്നിവയോടെ) ഫൊറോനാതലത്തിൽ നടത്തുകയും സമ്മാനങ്ങൾ രൂപതാദിനത്തോടനുബന്ധിച്ച് കൊടുക്കുകയും വേണം. ഫൊറോനാതല സംഗമങ്ങളിലേയ്ക്കും രൂപതയിലേയ്ക്കും എല്ലാ ജൂബിലിക്കാരെയും പറഞ്ഞുവിടാൻ അതതു തലങ്ങളിലുള്ള വൈദികരും സമർപ്പിതരും മാതൃസംഘവും കുടുംബക്കൂട്ടായ്മാ ഭാരവാഹികളും ഒറ്റക്കെട്ടായി ശ്രമിക്കണം.

11. രൂപതയ്ക്കുവേണ്ടി മലയാളം, ഇംഗ്ലീഷ്, തമിഴ് ഭാഷകളിലായി പ്രസിദ്ധീകരിക്കപ്പെടുന്ന പൊതുവായ “കുടുംബ പ്രാർത്ഥനാ സമാഹാരം” (Common family prayer) ഓരോ വീട്ടിലും ഓരോ വിശ്വാസപരിശീലകന്റെയും വിശ്വാസപരിശീലന വിദ്യാർത്ഥിയുടെയും പക്കൽ ഉണ്ടാകണം. 20 നമസ്ക്കാരങ്ങളും കുടുംബത്തിന്റെ വിവിധ പ്രാർത്ഥനകളും ഒരു കത്തോലിക്കാവിശ്വാസി അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങളും പ്രബോധനങ്ങളും ആ പുസ്തകത്തിലുണ്ട്.

b. **കുടുംബക്കൂട്ടായമകൾ**

1. ഇടവകയെ/ മിഷൻ സെന്ററിനെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യപടി കുടുംബക്കൂട്ടായ്മകളെ ശക്തിപ്പെടുത്തി കുടുംബങ്ങൾ തമ്മിൽ ക്രിയാത്മകമായ കൂട്ടായ്മ പരിപോഷിപ്പിക്കുകയെന്നതാണ്.

2. അതിനുവേണ്ടി, “രൂപതാ കുടുംബക്കൂട്ടായ്മ നിയമാവലി” നന്നായി പഠിച്ച്, അതിന്റെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന രീതിയിൽ, കുടുംബക്കൂട്ടായ്മയിലെ എല്ലാ കുടുംബങ്ങൾക്കും കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും വന്ന് കൂടാവുന്ന വീട്ടിൽ കൂട്ടായ്മാ മീറ്റിങ്ങ് വയ്ക്കുകയും അതിൽ ആദ്യന്തം

ബഹു. വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും കൂട്ടായ്മാ ഭാരവാഹികളുടെയും സജീവമായ സാന്നിദ്ധ്യവും ഇട പെടലും ഉറപ്പാക്കുകയും വേണം.

3. കുടുംബക്കൂട്ടായ്മാ മീറ്റിങ്ങുകളിൽ പ്രാർത്ഥനയ്ക്കും വി. ഗ്രന്ഥ വായനയ്ക്കും വിചിന്തിനത്തിനുമൊപ്പം സഭയേയും സമൂഹത്തേയും ബാധിക്കുന്ന ആനുകാലിക വിഷയങ്ങളും ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കണം.

4. കൂട്ടായ്മാ മീറ്റിങ്ങുകൾ ക്രിസ്തീയജീവിത മൂല്യങ്ങളും പാരമ്പര്യ ങ്ങളും ശൈലികളും ഫലപ്രദമായി പകർന്നുകൊടുക്കുന്ന, ഓർമ്മപ്പെടുത്തുന്ന ഇടങ്ങളാക്കണം. ഉദാഹരണത്തിന്, മുതിർന്ന വരേയും ആദരണീയരേയും കാണുമ്പോൾ "ഈശോമിശി ഹായ്ക്ക് സ്തുതി" എന്ന് ചൊല്ലുന്ന, യാത്രകൾക്ക് മുമ്പ് പ്രാർത്ഥിക്കുന്ന, ദൈവാലയങ്ങൾക്ക് മുമ്പിലൂടെ കടന്ന് പോകു മ്പോൾ അവയുടെ ഉള്ളിൽ കയറി പ്രാർത്ഥിക്കുന്ന, കുടുംബങ്ങ ളിൽ എല്ലാവരും ഒരുമിച്ചിരുന്ന് സംസാരിക്കുന്ന, ഭക്ഷണം കഴി യ്ക്കുന്ന നല്ലമൂല്യങ്ങൾ, ശീലങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ.

5. ഓരോ മാസത്തേയും കൂട്ടായ്മാ മീറ്റിങ്ങിൽ വായിച്ച് പഠി യ്ക്കാനും ചർച്ചചെയ്യാനും വേണ്ട പഠനവിഷയം രൂപതാ ബുള്ള റ്റിനായ "സാൻതോംവോയ്സിൽ" പ്രസിദ്ധീകരിച്ചുകൊണ്ടിരി ക്കുന്നത് നല്ലരീതിയിൽ തുടരണം.

6. കൂട്ടായ്മകളിലെ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും മീറ്റിങ്ങുക ളിൽ പങ്കെടുക്കുന്ന നിലയിലേയ്ക്ക് കുടുംബക്കൂട്ടായ്മകൾക്ക് വളരണം.

7. കുട്ടികളേയും യുവജനങ്ങളേയും കുടുംബക്കൂട്ടായ്മകളി ലേയ്ക്കും ഇടവക പള്ളിയിലേയ്ക്കും മിഷൻ സെന്ററിലേക്കും കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടി അവർക്ക് സൗകര്യമുള്ള ദിവസത്തിലും നേരത്തും (മൂന്ന് മാസത്തിലൊരിക്കൽ) "കുട്ടി സമ്മേളനവും" "യുവജനസമ്മേളനവും" വീടുകളിൽ നടത്തണം.

8. കുടുംബക്കൂട്ടായ്മകളിൽ അവശതയനുഭവിക്കുന്ന കുടുംബ ങ്ങളെ (ഭക്ഷണം, ചികിത്സ, പാർപ്പിടം മുതലായവ) സഹായിക്കാ നുള്ള സംവിധാനവും ഫണ്ടും കൂട്ടായ്മാതലത്തിൽ കണ്ടെത്ത ണം.

## ഭാഗം II

### E. വിശ്വാസപരിശീലനം

a. പരീക്ഷയിലെ മാർക്കിനും സ്കോളർഷിപ്പിനും അമിതപ്രാധാന്യം കൊടുത്ത്, വിശ്വാസനുഭവത്തിൽ നിന്നും ക്രിസ്തീയ ബോദ്ധ്യങ്ങളിൽ നിന്നും കുട്ടികൾ വ്യതിചലിക്കാൻ ഇടയാകരുത്.

b. വിശ്വാസപരിശീലനത്തിന്റെ വിവിധവർഷങ്ങളിൽ പരിശീലകർക്കും കുട്ടികൾക്കുമുണ്ടാകാവുന്ന മുരടിപ്പും നിസ്സംഗതയും ഒഴിവാക്കാൻ ആവശ്യമായ തയ്യാറെടുപ്പും മുൻകരുതലുകളും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ, രൂപതാ വിശ്വാസപരിശീലന നേതൃത്വത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി, ഓരോ ഇടവകയിലും മിഷൻ കേന്ദ്രത്തിലുമുണ്ടാകണം. അതുപോലെ, വിശ്വാസപരിശീലന വിഷയങ്ങളെപ്പറ്റി സമഗ്രമായ രൂപം ഓരോ വിശ്വാസപരിശീലകനുമുണ്ടാകാൻ “ആപ്പ്” സമ്പ്രദായം പോലെയുള്ള സംവിധാനമുണ്ടാകണം.

c. വിശ്വാസപരിശീലനം യഥാർത്ഥ ക്രിസ്തു അനുഭവത്തിലേയ്ക്കും ബോധത്തിലേയ്ക്കും കൊണ്ടുവരാൻ പറ്റുന്നരീതിയിൽ ജീസ്സസ് യൂത്ത് അംഗങ്ങളെ വിശ്വാസപരിശീലനവേദിയിലേക്ക് കൊണ്ടുവരാൻ പ്രാദേശികമായി ഓരോ ഇടവകയിലും മിഷൻ കേന്ദ്രത്തിലും ശ്രമിക്കണം.

d. വിശ്വാസപരിശീലന ശുശ്രൂഷ ഒരു ദൈവീക ശുശ്രൂഷയാണെന്ന, സഭാ സേവനമാണെന്ന ബോദ്ധ്യം പകർന്ന് കഴിവും, വിശ്വാസവും, കൂട്ടായ്മാ മനോഭാവവുമുള്ള വ്യക്തികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ പ്രാദേശികമായി വൈദികരും വിശ്വാസപരിശീലകരും സംയുക്തമായി ശ്രമിക്കണം.

e. ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ എന്തെല്ലാം പ്ലാൻ ചെയ്താലും, ദൈവം ദാനമായി നല്കിയ മക്കളിൽ ഈശോയുടെ രൂപവും ഭാവവും കൊത്താൻ മാതാപിതാക്കളുടെ നല്ലമനസ്സും സഹകരണവും അത്യാവശ്യമാണെന്ന് മാതാപിതാക്കൾ തിരിച്ചറിയണം. ചെറുപ്രായം മുതൽ ദൈവാഭിഷേകവും സഭാസ്നേഹവുമുള്ള മക്കളാക്കി അവരെ വളർത്തിയാൽ അവർ എല്ലാതരത്തിലും മാതാപിതാക്കൾക്കും കുടുംബത്തിനും ഒരനുഗ്രഹമാകും.

### F. സഭാമക്കളുടെ സാമൂഹ്യ-രാഷ്ട്രീയ പ്രതിബദ്ധത

a. സഭ രാഷ്ട്രീയ പാർട്ടിയല്ലെങ്കിലും, കത്തോലിക്കാസഭയുടെ

രാഷ്ട്രീയ ദർശനമായ ജനാധിപത്യം, മതേതരത്വം, ദൈവവിശ്വാസം, സാഹോദര്യം എന്നിവ ജനങ്ങൾക്ക് പകർന്നുകൊടുക്കാൻ സഭയ്ക്ക് കഴിയണം.

b. ജനപ്രതിനിധികൾ ഏതുപാർട്ടിക്കാരായാലും സഭയ്ക്ക് അവരുമായി നല്ലബന്ധം വേണം. സഭയുടെ തത്വാധിഷ്ഠിതമായ രാഷ്ട്രീയ നിലപാട് ആത്മീയ നേതാക്കന്മാർ നേരിട്ടല്ല, മറിച്ച് അല്മായ നേതാക്കളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കണം.

c. വിവിധ മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന വാർത്തകളുടെയും പ്രസ്താവനകളുടെയും നിജസ്ഥിതി ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കാൻ നമ്മുടെ ദൈവാലയങ്ങളിലെ പള്ളിയോഗങ്ങൾ, സംഘടനാ മീറ്റിങ്ങുകൾ, കുടുംബക്കൂട്ടായ്മ മീറ്റിങ്ങുകൾ എന്നിവ പ്രയോജനപ്പെടുത്തണം. അക്കാര്യം പഠിച്ച് കൈകാര്യം ചെയ്യാൻ പറ്റിയ ടീം ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും കുടുംബക്കൂട്ടായ്മകളിലുമുണ്ടാകണം. അതായത്, സഭാപരവും രാഷ്ട്രീയപരവും സാമൂഹ്യപരവുമായ വിഷയങ്ങളെപ്പറ്റി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്ന റിസോഴ്സ് ടീം ഇടവകയിലുണ്ടാകണം.

d. സഭ രാഷ്ട്രനിർമ്മിതിക്കുവേണ്ടി നല്കിയിട്ടുള്ള ശ്രേഷ്ഠമായ സംഭാവനകളെപ്പറ്റി പഠിച്ചാൽ മാത്രമേ അഭിമാനബോധത്തോടെ അവ നാനാജാതി മതസ്ഥരിലേയ്ക്ക് എത്തിക്കാൻ കഴിയൂ. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം, പ്രത്യേകിച്ചും രൂപതാ മാധ്യമ ശുശ്രൂഷയിലൂടെ.

e. മയക്കുമരുന്ന്, പ്രണയക്കെണി എന്നീ വിപത്തുകളിൽ നിന്ന് നാനാജാതി മതസ്ഥരെ രക്ഷപ്പെടുത്താനുള്ള അവബോധം പകരലും മറ്റുവഴികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കുടുംബക്കൂട്ടായ്മകളും വഴി കണ്ടെത്തണം.

f. നിയമപരവും രാഷ്ട്രീയപരവുമായ വിഷയങ്ങളിൽ രൂപതയേയും ഇടവകകളേയും സ്ഥാപനങ്ങളേയും സഹായിക്കുന്ന വ്യക്തികളെ കോർത്തിണക്കി രൂപതാ ലീഗൽ സെൽ/പബ്ലിക് റിലേഷൻ വകുപ്പ് രൂപീകരിക്കണം. മത-സാമൂഹിക-രാഷ്ട്രീയ ഉദ്യോഗതലത്തിലുള്ളവരുമായുള്ള ഊഷ്മളബന്ധം നിലനിർത്താൻ ഇത്തരം സംവിധാനം സഹായകമാകും.

g. സീറോമലബാർ സഭാംഗങ്ങൾ സിവിൽ സർവ്വീസിലും മറ്റു തന്ത്രപരമായ ഉദ്യോഗ-രാഷ്ട്രീയ മണ്ഡലങ്ങളിലും എത്തിച്ചേരാൻ

പറ്റിയ വിധത്തിലുള്ള പഠന സൗകര്യങ്ങളും പ്രോത്സാഹന ങ്ങളും ഏർപ്പെടുത്തണം.

G. **സുവിശേഷവല്ക്കരണം**

a. സുവിശേഷവല്ക്കരണത്തിന്റെ ലക്ഷ്യം മതം മാറ്റമല്ല. സുവിശേ ഷമൂല്യങ്ങളിലേയ്ക്കും സംസ്ക്കാരത്തിലേയ്ക്കും ജനങ്ങളെ ആകർഷിക്കുക, അങ്ങനെ സുവിശേഷ സംസ്ക്കാരവും മൂല്യങ്ങ ളുമനുസരിച്ചുള്ള ജീവിതരീതിയ്ക്ക് രൂപംകൊടുക്കുകയെന്നതാ ണ്.

b. സുവിശേഷവല്ക്കരണം കൂട്ടായ സഹകരണത്തിന്റെയും അദ്ധ്വാ നത്തിന്റെയും ഫലമാണ്. അതുകൊണ്ട് സ്നേഹത്തോടെയുള്ള വചനവായന, ആഴമായ പ്രാർത്ഥന, ധ്യാനം, ക്രിസ്തീയബോധ്യ ങ്ങൾ എന്നിവ ഫലപ്രദമായ സുവിശേഷവല്ക്കരണത്തിന് അത്യാവശ്യമാണ്.

c. നമ്മുടെ ഓരോ ഇടവകയോടും സ്ഥാപനത്തോടും ചേർന്ന് ഓരോ മിഷൻ സെന്റർ വളർത്തിക്കൊണ്ടുവരണം.

d. നേരിട്ടുള്ള സുവിശേഷവല്ക്കരണത്തിന് അനുകൂലസാഹചര്യ ങ്ങൾ ലഭിച്ചില്ലെങ്കിൽ പോലും, ഏതു സാഹചര്യത്തിലും ജീവിത വിശുദ്ധിയ്ക്കും മാതൃകയ്ക്കും ഊന്നൽ നല്കി സുവിശേഷ വേലയ്ക്കിറങ്ങണം. തമിഴ്നാട്ടിലെ സീറോമലബാർ വിശ്വാസിക ളാണ് സീറോമലബാർ സഭയുടെ പ്രേഷിതരും സുവിശേഷ പ്രഘോഷകരുമെന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം.

e. സാമൂഹ്യ പ്രവർത്തനം വഴി പരോക്ഷമായ സുവിശേഷവല്ക്കര ണത്തിനുള്ള (indirect evangelization) എല്ലാ മാർഗ്ഗങ്ങളും സ്വീക രിക്കണം. ഇപ്രകാരമുള്ള സുവിശേഷവല്ക്കരണബോധം നമ്മുടെ ജനങ്ങളിൽ അങ്കുരിപ്പിയ്ക്കണം.

f. കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ ഗ്രാമങ്ങളിൽ സ്പോർട്സ്, ട്യൂഷൻ എന്നിവ ആരംഭിച്ച് കുട്ടികളിലൂടെ കുടുംബങ്ങളിലേക്ക് എത്തിച്ചേരാൻ ശ്രമിക്കണം.

g. ജോലി സ്ഥലങ്ങളിലും കടകളിലും ഒട്ടും നിർബന്ധം കൂടാതെ സ്തുതിപ്പുകൾ നടത്തി പ്രാർത്ഥിച്ചും വിവിധ ഭാഷകളിലുള്ള ബൈബിൾ കോപ്പികൾ വിതരണം ചെയ്തും ഈശോയി ലേയ്ക്കും അവിടുത്തെ വചനത്തിലേയ്ക്കും ആകർഷിക്കാൻ ശ്രമിക്കണം.

h. സുവിശേഷവല്ക്കരണത്തിന് ഇറങ്ങിത്തിരിയ്ക്കുന്ന ഗ്രൂപ്പിൽ യാതൊരുവിധ ഭിന്നിപ്പും ഉണ്ടാകാൻ പാടില്ല.

i. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നിട്ടുള്ള വിദ്യാർത്ഥികളേയും തൊഴിലാളികളേയും ഒരുമിച്ചുകൂട്ടണം, അവരുടെ ആത്മീയ പുരോഗതിയ്ക്കുവേണ്ടി രൂപതാതലത്തിലും പ്രാദേശികതലത്തിലുമുള്ള മുന്നേറ്റമുണ്ടാകണം.

j. ഓരോ ഇടവകയിലും മിഷൻ സെന്ററിലും മിഷൻ/സുവിശേഷവല്ക്കരണ ഫണ്ട് രൂപീകരിക്കുകയും ഓരോ വർഷത്തേയും വിവിധ ആഘോഷങ്ങൾക്കുവേണ്ടി ചിലവാക്കുന്ന ഫണ്ടിന്റെ നിശ്ചിതവിഹിതം ആ ഫണ്ടിലേയ്ക്ക് കൊടുക്കുകയും വേണം.

k. പ്രേഷിത പ്രവർത്തനത്തോട്, സുവിശേഷവല്ക്കരണയജ്ഞത്തോട് ആഭിമുഖ്യമുള്ള വൈദികരേയും സമർപ്പിതരേയും അതിനായി ഒരുക്കി ടീമാക്കണം. അക്കൂട്ടത്തിൽ പറ്റിയ അല്മായ പ്രേഷിതരുമുണ്ടാകണം.

H. **സാമൂഹ്യപ്രവർത്തനം**

a. രാമനാഥപുരം രൂപത ഒരു മിഷൻ രൂപതയാണെന്ന ചിന്ത സാമൂഹ്യ പ്രവർത്തകർക്കുണ്ടാകണം. നന്നായി പ്രാർത്ഥിച്ചൊരുങ്ങിവേണം സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങിതിരിയ്ക്കാൻ. സാമൂഹ്യപ്രവർത്തനങ്ങൾ ബൈബിൾ മൂല്യങ്ങളിലും സഭാപ്രബോധനങ്ങളിലുമധിഷ്ഠിതമാകണം. ജീവിതത്തിലും ശൈലിയിലുമുള്ള ലാളിത്യം അത്തരക്കാർക്ക് അത്യന്താപേക്ഷിതമാണ്.

b. നാനാജാതി മതസ്ഥരുമായുള്ള ബന്ധം കൂടുതൽ ദൃഢവും ഊഷ്മളവുമാക്കാൻ വിവിധ ജാതികൾ, അവരുടെ വിശ്വാസ സംസ്കാരം അവരുമായി ബന്ധം സ്ഥാപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അത്തരക്കാർക്ക് ക്രിസ്ത്യാനികളോട് പൊതുവായും കത്തോലിക്കാ ക്രിസ്ത്യാനികളോട് പ്രത്യേകമായുമുള്ള മനോഭാവം എന്നിവയെപ്പറ്റിയുള്ള ഒരു പഠനരേഖ തയ്യാറാക്കണം. ശുശ്രൂഷകൾക്ക് സ്ഥിരതയും കൃത്യതയുമുണ്ടാകണം.

c. സാമൂഹ്യസേവനത്തിനായി ഏതുഭാഗത്ത് പോകുന്നുവോ ആ ഭാഗത്ത് ഏതു വിഭാഗക്കാരാണ് കൂടുതലുള്ളത് എന്ന് മനസ്സിലാക്കി അതിന്റെ വിവരം ലഭ്യമാക്കിയാൽ ആ പ്രദേശത്ത് ശുശ്രൂഷയ്ക്ക് പോകുന്നവർക്ക് എളുപ്പമാകും. അവരുടെയിടയിൽ

പ്രസാദപൂർണ്ണമായ സാന്നിദ്ധ്യവും വാക്കുകളും വഴി അവരുമായി നല്ലബന്ധമുണ്ടാകണം.

d. ജാതിമതഭേദമന്യേ രോഗികൾ, അപകടത്തിൽപ്പെട്ടവർ, മരിച്ചവരുടെ ബന്ധുക്കൾ എന്നിവരെ സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ ചെയ്യാൻ പറ്റിയവരെ തിരഞ്ഞെടുത്ത് പരിശീലനം നല്കി അയയ്ക്കണം.

e. ഭിന്നശേഷിക്കാരായ ആളുകൾക്ക് തൊഴിൽ നല്കി അവരെ ശക്തീകരിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യണം.

f. സാമൂഹ്യപ്രവർത്തന പ്രസ്ഥാനം ഓരോ ഇടവകയിലും മിഷൻകേന്ദ്രത്തിലുമുണ്ടാകണം. കുടുംബങ്ങളിലേയും സ്ഥാപനങ്ങളിലേയും പള്ളിയിലേയും ആഘോഷങ്ങളുടെ ചിലവുചുരുക്കി അതിന്റെ ഒരുവിഹിതം ജീവകാരുണ്യപ്രവർത്തനത്തിനായി മാറ്റിവയ്ക്കുന്നത് ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്തമായികാണണം.

g. സുവിശേഷവല്ക്കരണത്തിന്റെ മുന്നോടിയായി ഒരു സാമൂഹ്യപ്രവർത്തനകേന്ദ്രം തുടങ്ങി അവിടെയുള്ള സാന്നിദ്ധ്യത്തിലൂടെ, ശുശ്രൂഷകളിലൂടെ ജനങ്ങളിലേയ്ക്കിറങ്ങണം. പൊതുവായ ക്രിസ്തുമസ്സ് ആഘോഷം, ട്യൂഷൻ സെന്റർ, പാലിയേറ്റീവ് കെയർ സെന്റർ, സേവ് എ ഫാമിലി പ്രോഗ്രാം, എസ്.എച്ച്.ജി. പ്രോഗ്രാം, മെഡിക്കൽ ക്യാമ്പ് എന്നിവ പ്രോത്സാഹിപ്പിക്കണം.

I. **മാധ്യമ ശുശ്രൂഷ**

a. മൂല്യബോധത്തിലും പ്രചരണത്തിലും സഭയ്ക്ക് ഉറച്ച നിലപാട് ഉണ്ടാകണം.

b. സഭാ സംബന്ധമായ കാര്യങ്ങൾ പെട്ടെന്ന് വിശ്വാസികളിലേയ്ക്കും പൊതുജനത്തിലേയ്ക്കുമെത്തിക്കാൻ പറ്റിയ മാധ്യമ സെൽ രൂപതയിലുണ്ടാകണം.

c. ഒരു നല്ല സ്റ്റുഡിയോയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു ടീമും രൂപതയുടെ ദൃശ്യമാധ്യമ രംഗത്ത് ഉണ്ടാകണം.

d. ഇടവക/മിഷൻ സെന്റർ തലത്തിൽ യൂട്യൂബ് ചാനൽ പ്രൊമോട്ട് ചെയ്യുന്നതിനേക്കാൾ രൂപതാതലത്തിൽ പരമാവധി ആളുകളിലേയ്ക്ക് എത്താവുന്നരീതിയിൽ ചാനൽ രൂപപ്പെടുത്തിയാൽ കാര്യങ്ങളുടെ നിജസ്ഥിതി കൂടുതൽ വ്യക്തികളിലേയ്ക്ക് എത്തി

ക്കാൻ കഴിയും.

e. ലഘുലേഖകളും സംശയനിവാരണ പംക്തികളും അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ തുടങ്ങണം. രൂപതാ-ഇടവക ബുള്ളറ്റിനുകൾ കൂടുതൽ വ്യക്തികളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും എത്താനുള്ള മാർഗ്ഗം സ്വീകരിക്കണം.

f. ഇടവക-ഫൊറോന-രൂപതാതലങ്ങളിൽ നടത്തുന്ന നല്ലപരിപാടികൾ രൂപതാ മാധ്യമ സംവിധാനത്തിലൂടെ പ്രചരിപ്പിക്കണം.

g. കൂടാതെ, വ്യക്തിപരമായും കുടുംബപരമായും സന്യാസ സമൂഹപരമായും ക്രിസ്തീയമൂല്യങ്ങളും സത്പ്രവൃത്തികളും പരമാവധി വ്യക്തികളിലേയ്ക്ക് എത്തിച്ച് സുവിശേഷവല്ക്കരണയജ്ഞം കൂടുതൽ ശക്തമാക്കാൻ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തണം.

J. **ഫൊറോനയുടെ ശക്തീകരണം**

a. രൂപതയെ എല്ലാതരത്തിലും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപതയുടെ അജപാലന ശുശ്രൂഷകൾ കഴിയുന്നിടത്തോളം വികേന്ദ്രീകരിക്കണം.

b. ഫൊറോനയിലെ വൈദിക-സമർപ്പിത കൂട്ടായ്മ ശക്തിപ്പെടുത്താൻ ഒന്നിച്ചുള്ള പ്രാർത്ഥനയും പഠനവും പങ്കുവയ്ക്കലും പ്രോത്സാഹിപ്പിക്കണം. ഫൊറോനാ വികാരിയച്ചനാണ് ഇക്കാര്യം താല്പ്പര്യപൂർവ്വം ഏകോപിപ്പിക്കേണ്ടത്.

c. ഫൊറോനാതിർത്തിയിലുള്ള സംഘടനാ സംവിധാനങ്ങളെ ബന്ധപ്പെട്ട നിയമാവലിയും രൂപതാകാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശങ്ങളും പ്രകാരം ശക്തിപ്പെടുത്താൻ ബഹു. ഫൊറോനാ വികാരിയച്ചനും ഫൊറോനയിലെ ബഹു. വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളും നേതൃത്വം നല്കണം.

d. ഫൊറോനാതലത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ശക്തിപ്പെടുത്താനും ഫൊറോനാതിർത്തിയിലുള്ള വൈദികരും സമർപ്പിതരും അല്മായരും തങ്ങളാൽ സാധിക്കുന്നരീതിയിൽ, അതായത് സാമ്പത്തികമായും നടത്താനുള്ള സ്ഥലവും സൗകര്യങ്ങളും സൗജന്യമായി നല്കിയും സാധിക്കുന്നരീതിയിൽ റിസോഴ്സ് പേഴ്സൺസിനെ നല്കിയും സഹായിക്കണം.

e. ഓരോ ഫൊറോനയ്ക്കും അർഹതപ്പെട്ട സാമ്പത്തിക വിഹിതം


രൂപതാകാര്യാലയത്തിൽനിന്ന് നല്കണം. ഇപ്രകാരം ലഭിക്കുന്ന ഫൊറോനാവിഹിതവും പലസംഘടനകളുടെ പേരിലുള്ള ഫണ്ടുകളും ഒരു കാരണവശാലും ബന്ധപ്പെട്ട സമിതിയംഗങ്ങളുടെ യാത്രകൾക്കോ (ഔട്ടിങ്ങ്, പിക്നിക്ക് എന്നിവ) മറ്റു വിനോദപരിപാടികൾക്കോ ഉപയോഗിക്കാൻ പാടില്ല. ഫൊറോനാതലത്തിലുള്ള അജപാലന- സംഘടനാ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

**ഉപസംഹാരം**

വളരെ വലിയ ഒരുക്കത്തിനുശേഷമാണ് നാം വളരെ സംഘടിതമായി രൂപതയുടെ പ്രഥമ അസംബ്ലി നടത്തിയത്. ഈ അസംബ്ലിയുടെ വിജയം അസംബ്ലിയിലെ ചർച്ചകളിലൂടെ ഉരുതിരിഞ്ഞ നിർദ്ദേശങ്ങളും പിന്നീടുവന്ന തീരുമാനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അതനുസരിച്ച്, ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം എത്രയുംവേഗത്തിൽ അസംബ്ലി തീരുമാനങ്ങൾ നടപ്പിലാക്കാൻ രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും അല്മായ സഹോദരരും ബന്ധപ്പെട്ട വകുപ്പുകളിലൂടെ പരിശ്രമിക്കണം. മൂന്നുമാസത്തിലൊരിക്കൽ ഓരോ വിഭാഗവും തിരിച്ച് തിരിച്ച് തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് രൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ അവലോകനം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും തീക്ഷ്ണതയോടെ സഹകരിക്കുമല്ലൊ.

ഈ സദുദ്യമത്തിൽ നമ്മെ ശക്തിപ്പെടുത്താൻ പരി. അമ്മയും വി. യൗസേപ്പ് പിതാവും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായും വി. അൽഫോൻസാമ്മയും നമ്മോടൊപ്പം ഉണ്ടാകട്ടെ.

സ്നേഹപൂർവ്വം



**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാമെത്രാൻ

---

NB: <u>ഈ വിജ്ഞാപനം രണ്ടുഭാഗങ്ങളിലായി (ഭാഗം I, ഭാഗം II) യഥാക്രമം ആഗസ്റ്റ് 6-ാം തീയതിയും 13-ാം തീയതിയും (ഞായറാഴ്ചകളിൽ)</u> രൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കണം. ഞായറാഴ്ച കുർബാന ഇല്ലെങ്കിൽ മറ്റു സമയത്തും. +PA